പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3346 24.02.2016-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ കുടിശ്ശിക

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

<table>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻകാർക്ക് എത്ര മാസത്തെ പെൻഷൻ ഇനിയും നൽകുവാനുണ്ട്; കുടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;</td><td rowspan="2">(എ) യും<br>(ബി) യും</td><td rowspan="2">നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ കുടിശ്ശിക ഇല്ല.<br>കെ.എസ്.ആർ.ടി.സി.യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ കൃത്യമായി നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയുണ്ടായി. ഇതിനായി ഓരോ മാസവും കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക Non Plan വിഹിതമായി (പ്രതിമാസം പരമാവധി 20 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി പെൻഷൻ കൃത്യമായി വിതരണം ചെയ്തു വരികയാണ്.</td></tr>
<tr><td>(ബി)</td><td>പെൻഷൻ മുടങ്ങുന്നതുകൊണ്ട് പലരും ബുദ്ധിമുട്ടിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിന് സമഗ്രമായ നയം പ്രഖ്യാപിക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ